# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2015 - പോളിംഗ് ഓഫീസർമാർ പോളിംഗ് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്നതും പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങുന്നതും സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ: 732/2015/സംതിക.** **തിരുവനന്തപുരം, തീയതി. 24.10.2015**

==========================================================================

പരാമർശം:- ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പുറപ്പെടുവിച്ചിട്ടുള്ള നിയമന ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള പോളിംഗ് ഓഫീസർമാർ പോളിംഗിന്റെ തലേ ദിവസം രാവിലെ 8 മണിയ്ക്ക് അതാത് വിതരണ-സ്വീകരണ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നതിനാണ് നിയമന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്.

2. എന്നാൽ, ഇതിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സൗകര്യാർത്ഥം, നവംബർ 2-ാം തീയതി തിരഞ്ഞെടുപ്പ് നടത്തുന്ന ജില്ലകളിൽ, വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള പോളിംഗ് ഓഫീസർമാർ 1-ാം തീയതി രാവിലെ 10 മണിയ്ക്ക് മുമ്പും, 5-ാം തീയതി തിരഞ്ഞെടുപ്പ് നടക്കുന്ന മറ്റ് ജില്ലകളിലെ പോളിംഗ് ഓഫീസർമാർ 4-ാം തീയതി രാവിലെ 10 മണിയ്ക്ക് മുമ്പും അതാത് വിതരണ-സ്വീകരണ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്താൽ മതിയെന്നും ഉടൻതന്നെ നിശ്ചിത വിതരണ കൗണ്ടറുകളിൽ നിന്നും പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങി അവിടെ സജ്ജമാക്കിയിട്ടുള്ള വാഹനങ്ങളിൽ ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിൽ എത്തിച്ചേരണമെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

3. പോളിംഗ് സാധനങ്ങളുടെ വിതരണ-സ്വീകരണ ചുമതലയുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ബന്ധപ്പെട്ട വരണാധികാരികളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള എല്ലാ പോളിംഗ് സാധനങ്ങളും വിതരണ ദിവസം രാവിലെ 10 മണിയ്ക്ക് മുമ്പ് തന്നെ അതാത് വിതരണ കൗണ്ടറുകളിൽ പോളിംഗ് ഓഫീസർമാർക്ക് വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ടെന്നും അവ രാവിലെ 10 മണി മുതൽ തന്നെ വിതരണം ചെയ്തു തുടങ്ങി നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**പി. ഗീത**
**സെക്രട്ടറി**

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ.
എല്ലാ വരണാധികാരികളും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പോളിംഗ് ഓഫീസർമാർക്കും
} (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ്:-

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്ക്
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
എല്ലാ ഓഫീർമാർക്കും സെക്ഷനുകൾക്കും.
സീനിയർ ഫിനാൻസ് മാനേജർ / ലാ ഓഫീസർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ / കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ. / സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
ഒപ്പ്

സെക്ഷൻ ഓഫീസർ